# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *720** **16.07.2012 ൽ മറുപടിക്ക്**

## റോഡ് ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ :<br>,, സി. മോയിൻ കുട്ടി :<br>,, കെ. മുഹമ്മദുണ്ണി ഹാജി : | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത്വകുപ്പു മന്ത്രി)** |
| (എ) റോഡ് ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കിലോമീറ്റർ റോഡുകൾ ആധുനികരീതിയിൽ നവീകരിക്കുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിനായിട്ടാണ് റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനു വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പദ്ധതിക്കാവശ്യമായ സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയവയാണ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) റോഡ് വികസനകാര്യത്തിൽ ഏതൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) സംസ്ഥാന റോഡ് വികസന പദ്ധതിക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള ടെക്നിക്കൽ റിപ്പോർട്ട് പ്രകാരം 'റീഹാബിലിറ്റേഷൻ', 'അപ്ഗ്രഡേഷൻ' എന്നീ രണ്ട് പാക്കേജുകളിലായി 1204 കിലോമീറ്റർ റോഡ് വികസിപ്പിക്കുവാനാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ കൂടാതെ വികസിപ്പിക്കാവുന്ന 551 കിലോ മീറ്റർ ദൈർഘ്യം വരുന്ന 28 റോഡുകളാണ് റീഹാബിലിറ്റേഷൻ പാക്കേജിൽ ശുപാർശ ചെയ്തിട്ടുള്ളത്. ലഘുവായ തോതിൽ സ്ഥലം ഏറ്റെടുക്കൽ ആവശ്യമുള്ള |

34 റോഡുകളാണ് അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഇതിനാവശ്യമായ ഫണ്ട് ഏതു വിധത്തിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയും, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തുമാണ് സംസ്ഥാന റോഡ് വികസന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ കരട് റിപ്പോർട്ട് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ശുപാർശക്കായി സമർപ്പിച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ